# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4786 　　14/11/2019 -ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | **ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള ജനസേവന പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ ചുവടെ ചേർക്കുന്ന ജനസേവന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് .<br><br>1)ആധാര രജിസ്ട്രേഷനായി ഫീസ് ഓൺലൈനായി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം .<br><br>2) ഒരു ലക്ഷം രൂപയ്ക്കു മുകളിൽ സ്റ്റാമ്പ് ഡ്യൂട്ടി ഒടുക്കേണ്ടി വരുന്ന എല്ലാ രജിസ്ട്രേഷൻ സംബന്ധമായ മുദ്രപ്പത്രങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം.<br><br>3) പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷന് അപേക്ഷകൾ ഓൺലൈനിൽ സമർപ്പിക്കുന്നതിനും, ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സംവിധാനം.<br><br>4) റവന്യൂ വകുപ്പുമായി സഹകരിച്ച് ഓൺലൈൻ പോക്കുവരവ് സൗകര്യം .<br><br>5) ചിട്ടി രജിസ്ട്രേഷൻ നടപടികൾക്കുള്ള ഓൺലൈൻ സംവിധാനം .<br><br>6) പൊതുജനങ്ങൾക്ക് സ്വയം ആധാരം തയാറാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും, ആയതിലേക്കായി ആധാരങ്ങളുടെ മാതൃക രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനം കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്, A3 വലിപ്പത്തിലുള്ള ഫയലിംഗ് ഷീറ്റുകൾ A4 വലിപ്പത്തിലാക്കി പരിഷ്കരിച്ചു . |

സെക്ഷൻ ഓഫീസർ